(1)		(2)
11	ബയോഗ്യാസ് വികസന പദ്ധതി	0.291
12	സംയോജിത മാതൃകാ കൃഷിത്തോട്ടം	6.754
13	കർഷക പെൻഷൻ	31.982
14	സൗജന്യ വൈദ്യുതി	2.9276
15	പ്രകൃതിക്ഷോഭ ദുരിതാശ്വാസം	0.077
16	ആർ.കെ.വി.വൈ	6.04625
17	13-ാം ധനകാര്യ കമ്മീഷൻ	3.395
18	ജനകീയാസൂത്രണം	16.2756
	ആകെ	189.64637

കാർഷിക മേഖലയിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

157 (3130) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ ബ്ലോക്കിൽ ഏതെല്ലാം പദ്ധതികളാണ് ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കാർഷിക മേഖലയിൽ പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ കൃഷി ഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ; ആയതിന്റെ വിശദാംശങ്ങളുടെ പകർപ്പ് നൽകുമോ ?

ഉത്തരം

(എ) കൃഷി വകുപ്പ് :

2013-14 വർഷത്തിൽ സുസ്ഥിര നെൽകൃഷി പദ്ധതി, കേര കൃഷി പദ്ധതി, കൃഷി ഓഫീസുകളിലെ അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികളിലായി 10.81200 ലക്ഷം രൂപ അഞ്ചൽ ബ്ലോക്കിൽ ചെലവഴിച്ചിട്ടുണ്ട്. വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീര വികസന വകുപ്പ് :

ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പദ്ധതിയിൽ അഞ്ചൽ ബ്ലോക്കിൽ 6 ഗ്രൂപ്പുകളാക്കിയ 60 പേരെ മിനി ഡയറി യൂണിറ്റ് നടപ്പിലാക്കാനായി തെരഞ്ഞെടുത്തിരുന്നു. 3 പേർ മിനി ഡയറിഫാം ആരംഭിച്ചിട്ടുണ്ട്. ഒരു പശുവും ഒരു കിടാരിയുമുൾപ്പെടുന്ന ഒരു മിനി ഡയറി യൂണിറ്റിന് സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ആർ.കെ.വി.വൈ. ധനസഹായം ഗ്രൂപ്പുകളുടെ വിഹിതം എന്നിവയുൾപ്പെടെ ഒരു ലക്ഷം രൂപയാണ് അടങ്കൽ തുക.

(ബി) വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പെരുമണ്ണ കൃഷിഭവനിലെ അധിക തസ്തികകൾ

158 (3132) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പെരുമണ്ണ കൃഷിഭവനിൽ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 18-5-2013-ലെ സ.ഉ (എംഎസ്.) 166/13/കൃഷി നമ്പർ ഉത്തരവ് പ്രകാരം പെരുമണ്ണ കൃഷിഭവൻ ഉൾപ്പെടെ പുതിയതായി സൃഷ്ടിച്ച 20 കൃഷിഭവനുകളിൽ 40 കൃഷി അസിസ്റ്റന്റിന്റെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി കൃഷിഭവനിൽ രണ്ട് കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക വായ്പയ്ക്ക് മൊറട്ടോറിയം

159 (T* 3133) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വായ്പാതിരിച്ചടവ് മുടങ്ങിയവർക്കായുള്ള മൊറട്ടോറിയത്തിന്റെ കാലാവധി എന്നാണ് തീർന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly